LIBRARY ARCHIVES Kerala Legislative Assembly

മരുതിമല ടൂറിസം വികസന പദ്ധതി

103 [2720] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിൽപ്പെട്ട മരുതിമല ടൂറിസം വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഇവിടെ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന് കൊല്ലം ഡി. ടി. പി. സി.-ക്ക് വെളിയം ഗ്രാമപഞ്ചായത്ത് എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിരുന്നോ;

(സി) പ്രസ്തുത പ്രൊപ്പോസൽ അനുസരിച്ച് ഡി. ടി. പി. സി.-യും ടൂറിസം വകുപ്പും എന്ത് നടപടി സ്വീകരിച്ചു;

(ഡി) ടൂറിസം വികസനത്തിന് അനുയോജ്യമായ മരുതിമല സംരക്ഷിച്ച് അവിടെ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ നിലവിലില്ല.

(ബി) ഉണ്ട്.

(സി & ഡി) ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓച്ചിറ പരബ്രഹ്മം ക്ഷേത്രത്തിൽ ഇടത്താവളം നിർമ്മിക്കാൻ നടപടി

104 [2721] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓച്ചിറ പരബ്രഹ്മം ക്ഷേത്രത്തിലെത്തുന്ന തീർത്ഥാടകർക്ക് പ്രയോജന കരമായ ഇടത്താവളം നിർമ്മിക്കുന്നതിന് ഡി. ടി. പി. സി. വഴി സമർപ്പിക്കപ്പെട്ട പ്രോജക്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇവിടെ ഇടത്താവളം നിർമ്മിക്കുന്നതിന് സർക്കാർ പുറമ്പോക്കിൽ അനുമതി ലഭ്യമായ സാഹചര്യത്തിൽ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഓച്ചിറ പരബ്രഹ്മക്ഷേത്രത്തിലെത്തുന്ന തീർത്ഥാടകർക്ക് ഇടത്താവളം നിർമ്മിക്കുന്നതിന് ഡി. ടി. പി. സി. വഴി സമർപ്പിച്ച പ്രോജക്ട്, 3-1-2005-ലെ 65/05/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ടൂറിസ്റ്റ് ഇൻഫർമേഷൻ ആൻഡ് അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി ടൂറിസം വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 6 മാസം കൊണ്ട് പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.

ദേവസ്വം ബോർഡിന് ലഭിക്കുന്ന പ്രതിവർഷ ഗ്രാന്റ്

105 [2722] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രതിവർഷം എത്ര കോടി രൂപയാണ് ഗ്രാന്റായി അനുവദിക്കുന്നത്;

(ബി) പ്രസ്തുത തുക അപര്യാപ്തമാണെന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും യഥാസമയം നൽകു ന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി & സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനു 2002 വർഷം വരെ സർക്കാർ അനുവദിച്ചിരുന്ന കോൺട്രിബ്യൂഷൻ ഇനത്തിൽ 55.5 ലക്ഷം രൂപ അപര്യാ പ്തമാണെന്നു കണ്ട് 2003-04 വർഷം മുതൽ 6-12-2003-ലെ ജി.ഒ.(എംഎസ്.)378/03/ ആർഡി പ്രകാരം കോൺട്രിബ്യൂഷൻ തുക 80 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തുക 2003-04 വർഷത്തെ കുടിശ്ശികയുൾപ്പെടെ ഈ വർഷം തന്നെ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly